LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

116 (3319) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസ്തുത കേന്ദ്രങ്ങൾക്ക് ബജറ്റിൽ നീക്കിവച്ച തുകയുടെയും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെയും കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

117 (3320) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പാക്കിയ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദ വിവരം നല്കുമോ;

(സി) മദ്രസ അദ്ധ്യാപക ക്ഷേമത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മദ്രസ അദ്ധ്യാപകരുടെ ക്ഷേമത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതി രൂപീകരിച്ചു.

2. മദ്രസ അദ്ധ്യാപകർക്ക് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. മദ്രസ അദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വീതം ധനസഹായം.

4. മദ്രസാ അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം ക്യാഷ് അവാർഡ്.

5. മദ്രസാ അദ്ധ്യാപകർക്ക് ഭവന നിർമ്മാണത്തിന് ന്യൂനപക്ഷ കോർപ്പറേഷനുമായി ചേർന്ന് 2.5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ.

6. കോർപ്പസ് ഫണ്ട് പലിശരഹിതമാക്കിയതുകൊണ്ടുള്ള നഷ്ടം നികത്താൻ ഈ ഫണ്ടിലേയ്ക്ക് 3,75,33,000 സംഖ്യ സർക്കാർ വിഹിതമായി അനുവദിച്ചു.

ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

118 (3321) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിനനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് ഇത് നടപ്പിലാക്കിയത്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ടി പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾക്ക് (സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ) പുറമെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും

LIBRARY ARCHIVES Kerala Legislative Assembly